**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **13-02-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ ബാങ്കിംഗ് രംഗത്ത് സജീവമാക്കുവാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ലോകത്തിലെ സമ്പന്ന രാജ്യങ്ങളോടുപോലും കിടപിടിക്കുന്ന തരത്തിലുള്ള നേട്ടങ്ങൾ പല മേഖലകളിലും കേരളത്തിന് നേടിത്തരുന്നതിൽ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം വലിയ പങ്കാണ് വഹിച്ചിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് ഇവിടുത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായകപങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും, സ്വാതന്ത്ര്യ സമരത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലി നൽകി ഉയർന്ന ജീവിത നിലവാരം പ്രധാനം ചെയ്യാനും സഹകരണ തത്വങ്ങളിൽനിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്കു ഒരു ബദലായും പ്രവർത്തിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ലോകനിലവാരത്തിലുള്ള സംസ്ഥാനമായി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ള അടിസ്ഥാന വികസന മേഖല, ഉയർന്ന ജീവിത നിലവാരം, വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല തുടങ്ങി എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും.<br><br>കേരള ബാങ്ക് രൂപീകരണത്തോടെ രാജ്യത്തെ ഏറ്റവും വലിയ ഷെഡ്യൂൾഡ് സഹകരണ ബാങ്ക് സംസ്ഥാനത്തിന്റേതായി മാറുകയും കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുമുണ്ടായി.<br><br>അന്തർദേശീയ സഹകരണ സഖ്യവും (ICA), European Research Institute on Co-operative and |

Social enterprises (EURICSE) തയ്യാറാക്കിയ World Co-operative Monitor റിപ്പോർട്ട് പ്രകാരം സഹകരണ മേഖലയിലെ ധനകാര്യ സേവന മേഖലയിൽ ഏഷ്യയിൽ 1-ാം സ്ഥാനം കരസ്ഥമാക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യയിലെ സഹകരണ മേഖലയിലെ മികച്ച പ്രകടനം അടിസ്ഥാനമാക്കി NAFSCOB (National Federation of State Co-operative Banks) ന്റെ അവാർഡ് കേരള ബാങ്കിന് 1-ആം സ്ഥാനത്തോടെ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അന്താരാഷ്ട്ര സഹകരണ സമിതിയുടെ റാങ്കിങ്ങ് പ്രകാരം ഇൻഡസ്ട്രി ആൻഡ് യൂട്ടിലിറ്റി മേഖലയിൽ തുടർച്ചയായി രണ്ടാം റാങ്ക് നിലനിർത്തുന്നതും, ഏഷ്യാപസഫിക്ക് മേഖലയിലെ എറ്റവും മികച്ച സഹകരണ പ്രസ്ഥാനം എന്ന അംഗീകാരം ലഭിച്ചതും, യുഎൻഡിപി യുടെ പ്രത്യേക പ്രശംസ നേടിയതുമായ സഹകരണ സംഘമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം നൂറ് വർഷം പൂർത്തീകരിക്കുകയാണ്. കേരളത്തിലെ ഉയർന്ന ഗുണനിലവാരത്തിലുള്ള റോഡുകൾ, ബ്രിഡ്ജുകൾ തുടങ്ങി വേഗത്തിൽ പൂർത്തിയാക്കുന്ന നാഷണൽ ഹൈവേയുടെ ആദ്യത്തെ റീച്ച് ചെയ്യുന്നതും ഊരാളുങ്കൽ സൊസൈറ്റി ആണ്.

കേരളത്തിന്റെ ആരോഗ്യ പരിപാലന രംഗത്ത് സഹകരണ മേഖല സ്തുത്യർഹമായ പങ്കാണ് വഹിച്ച് കൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂക്ഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രി സംഘങ്ങൾ കേരളത്തിൽ സജീവമായത്. ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്ന സ്ഥാപനങ്ങളാണ് സഹകരണ ആശുപത്രികൾ. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ആശുപത്രിയിൽ നേരിട്ട് വന്ന് ചികിത്സ തേടുവാൻ പ്രയാസമുള്ള രോഗികളുടെ വീടുകളിൽ ചെന്ന് വിദഗ്ധ സംഘം പരിചരിച്ച് വരുന്നു.. ടി ആവശ്യത്തിലേക്കായി ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ സേവനം, മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ കുറഞ്ഞ നിരക്കിൽ സംഘങ്ങൾ അനുവദിക്കുന്നുണ്ട്._____ആശുപത്രി സംഘങ്ങളുടെ കീഴിലുള്ള നീതി ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ ആധുനിക സ്കാനിംഗ്

സെന്ററുകൾ, ഇ.സി.ജി തുടങ്ങി വ്യത്യസ്തമായ സേവനങ്ങൾ നൽകുന്നത് വഴി ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയ ആശുപത്രികൾ മുഖേന ഫിസിയോ തെറാപ്പി ചികിത്സാ, ലബോറട്ടറി സാമ്പിൾ കളക്ഷൻ, മരുന്നുകൾ വീട്ടിൽ എത്തിക്കൽ, ഗൃഹ സന്ദർശനത്തിലൂടെ പരിചരണം, വിവിധ പരിശോധനകൾ എന്നിവ നടപ്പിലാക്കിവരുന്നു. നിർദ്ധനരായ രോഗികൾക്ക് ഏറ്റവും കുറഞ്ഞ ചിലവിൽ സർജറികൾ നൽകി വരുന്നുണ്ട്. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സൗജന്യ ക്യാമ്പുകൾ നടത്തുകയും തുടർ ചികിത്സയ്ക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ഏറ്റവും അധികം സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന നാടാണ് കേരളം എന്നതിൽ അഭിമാനകരമായി നിലകൊള്ളുന്നു. ചെറുതും വലുതുമായ 100 ൽ ആധികം സഹകരണ ആശുപത്രികൾ മുഖേന കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകി വരുന്നു. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. സഹകരണ മേഖലയിൽ 12 സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും 1 മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ച് വരുന്നു.

വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നതിനായി സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് പാലിയേറ്റീവ് കെയർ പദ്ധതി. നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങൾ പാലിയേറ്റീവ് കെയർ പദ്ധതിയിൽ വരുന്നു. കൂടാതെ പാലക്കാട് ജില്ല സഹകരണ ആശുപത്രിയുടെ നേതൃത്വത്തത്തിൽ സൗജന്യ പാലിയേറ്റീവ് കെയർ പദ്ധതി നടത്തി വരുന്നു.

സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായി രൂപീകരിച്ച സഹകരണസംഘമാണ് സാഹിത്യപ്രവർത്തക സഹകരണസംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻമാരുടെ എഷ്യയിലെ തന്നെ ആദ്യത്തെ സഹകരണസംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടേയും

വ്യക്തികളുടേയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നതിന് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്. കേരളസർക്കാർ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം സംഘടിപ്പിച്ച അന്താരാഷ്ട്രപുസ്തക വൈജ്ഞാനികോത്സവം **2018, 2019, 2020 എന്നീ വർഷങ്ങളിൽ കൃതി പുസ്തകോത്സവം** എന്ന പേരിൽ മൂന്നു പതിപ്പുകൾ വിജയകരമായി പൂർത്തിയാക്കി.

കാർഷിക വ്യവസായ മേഖലകളിലേയും സേവന മേഖലകളിലേയും സംഘങ്ങൾക്ക് പുറമേ മാർക്കറ്റിംഗ് രംഗത്തും പരമ്പരാഗത വ്യവസായ മേഖല, കെട്ടിട നിർമ്മാണ രംഗത്തും ക്ഷീരോൽപ്പാദനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഏറ്റവും അധികം ആളുകൾ തൊഴിൽ ചെയ്തു വരുന്നു. പുരുഷൻമാർക്കൊപ്പം തുല്യ പ്രാധാന്യത്തോടെ സ്ത്രീകളും രംഗത്തുണ്ട്. സാമ്പത്തിക വളർച്ചക്ക് സമ്പൂർണ്ണവും ഉൽപാദനപരവുമായ തൊഴിൽ ശേഷിയുടെ ഉപയോഗവും മികച്ച തൊഴിലും എന്ന ആശയം ഏറ്റവും നല്ല രീതിയിൽ പ്രാവർത്തികമാകുന്നത് സഹകരണ മേഖലയിലാണെന്ന് നിസ്സംശയം പറയാനാകുന്നതാണ്. കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിന് ഉതകുന്ന വായ്പാ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷിക വികസനത്തിനായിട്ടുള്ള വായ്പാ പദ്ധതികൾ എന്നിവ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നടപ്പിലാക്കി വരുന്നു.

വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.

സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. സഹകരണ മേഖലയിലെ വിവിധ തരം സേവനങ്ങളും ഉത്പന്നങ്ങളും ഉപയോഗിക്കുകയും ചെയ്യാത്തവരായി ഒരാളും സംസ്ഥാനത്ത് ഉള്ളതായി കാണുന്നില്ല. അത്രക്കു വിപുലമാണ് കേരളത്തിലെ സഹകരണ മേഖല.

യുവജനങ്ങൾക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 18 വയസ്സിനും 45

വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നത്.

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി **കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം** എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

വാണിജ്യ ബാങ്കുകൾ നിഷേധ നിലപാട് സ്വീകരിക്കുമ്പോൾ, കേരളത്തിലെ ഇടത്തരക്കാരും ദരിദ്രരും ഒക്കെയായ വിവിധവിഭാഗം ജനങ്ങളുടെ വായ്പാവശ്യങ്ങൾ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ മുതൽ കേരള ബാങ്കുവരെയുള്ള വായ്പാസംഘങ്ങൾ ആണ്.

സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkerala എന്ന ഏകീകൃത ബ്രാൻഡും നടപ്പിലാക്കിയിട്ടുണ്ട്.

ലാഭം നേടുക എന്നതിലുപരിയായി അംഗങ്ങൾക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. 2018 - ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് സഹകരണ സംഘങ്ങളുടെ സഹായത്തോടെ 'കെയർ കേരള' എന്ന പേരിൽ പദ്ധതികൾ ആവിഷ്കരിച്ചു. കെയർ ഹോം, കെയർ ലോൺ, കെയർ

| | | | |
|---|---|---|---|
| | | | ഗ്രേയ്സ് എന്നിങ്ങനെ 3 ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്. സാമൂഹിക പ്രതിബദ്ധത മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സഹകരണ സംഘങ്ങളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത്. |
| (ബി) | സാധാരണക്കാർ തങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് വാണിജ്യ ബാങ്കുകളെക്കാൾ ആശ്രയിക്കുന്നത് സഹകരണ സ്ഥാപനങ്ങളെയാണെന്ന് 2013-ൽ പുറത്തുവന്ന റിസർവ് ബാങ്കിന്റെ പഠനം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. വിശദമാക്കാം,<br><br>Reserve Bank of India, Mumbai and Centre for Socioeconomic and Environmental Studies (CSES), Kochi യുമായി ചേർന്ന് 2013ൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ SECTION III ACCESS TO ORGANISED FINANCIAL INSTITUTIONS എന്ന അദ്ധ്യായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും സാമൂഹിക വികസനത്തിലും കൈവരിച്ച നേട്ടങ്ങൾക്ക് പേരുകേട്ട കേരളത്തിലെ, എറണാകുളം ജില്ലയിലെ 107 പാവപ്പെട്ട കുടുംബങ്ങൾ നൽകിയ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് ദരിദ്രരുടെ പോർട്ട്ഫോളിയോകളെക്കുറിച്ചുള്ള പഠനം നടത്തിയത്. ഈ കുടുംബങ്ങൾ ഒരു മാസത്തേക്ക് (സെപ്റ്റംബർ 17- ഒക്ടോബർ 16, 2012) സൂക്ഷിച്ച സാമ്പത്തിക ഡയറിയെ അടിസ്ഥാനമാക്കിയുള്ളതാണ് പ്രസ്തുത പഠനം.<br><br>ഗ്രാമീണ മേഖലയിലെ ദരിദ്രരായ അഞ്ചിലൊന്ന് കുടുംബങ്ങൾക്ക് സഹകരണ സംഘങ്ങൾ സേവനം നൽകുന്നുവെന്നും, അർബൻ സാമ്പിളിലെ ഏതാനും പാവപ്പെട്ട വീട്ടുകളിലേക്ക് മാത്രമാണ് സഹകരണ ബാങ്കുകൾ എത്തിയിട്ടുള്ളത് എന്നും, അറുപത് ശതമാനം ഗ്രാമീണ കുടുംബങ്ങൾക്കും സഹകരണ സംഘങ്ങളിൽ അംഗത്വമുണ്ട് എന്നും, എന്നാൽ അത്തരം സഹകരണ സംഘങ്ങൾക്ക് നഗര മാതൃകയിൽ സാന്നിധ്യമില്ല എന്നും, പ്രതികരിച്ചവരിൽ പലരും 'സഹകരണ സംഘങ്ങളെ' 'ബാങ്ക്' എന്നാണ് വിശേഷിപ്പിച്ചത് എന്നും, സഹകരണ സംഘങ്ങളെ കൂടി പരിഗണിക്കുമ്പോൾ, ഗ്രാമീണ ദരിദ്ര കുടുംബങ്ങളിൽ ഭൂരിഭാഗത്തിനും ഒരു അക്കൗണ്ടുണ്ട് എന്നും, ഗ്രാമപ്രദേശങ്ങളിൽ, ദരിദ്രർക്കും അവരുടെ വായ്പകൾക്കും സമ്പാദ്യ ആവശ്യങ്ങൾക്കുമായി സഹകരണ സ്ഥാപനങ്ങളിലേക്ക് പ്രവേശനമുണ്ടെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. |
| (സി) | ബാങ്കിംഗ് മേഖലയ്ക്കൊപ്പം കയർ, കൈത്തറി, മത്സ്യ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട വലിയൊരു ശൃംഖലയായി കേരളത്തിലെ | (സി) | ഉണ്ട്.<br><br>വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക |

| | | |
|---|---|---|
| | സഹകരണ പ്രസ്ഥാനം മാറിയിട്ടുണ്ടോ; വിശദമാക്കാമോ; | വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.<br><br>സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്. സഹകരണ മേഖലയിലെ വിവിധ തരം സേവനങ്ങളും ഉത്പന്നങ്ങളും ഉപയോഗിക്കുകയും ചെയ്യാത്തവരായി ഒരാളും സംസ്ഥാനത്ത് ഉള്ളതായി കാണുന്നില്ല. അത്രുക്കു വിപുലമാണ് കേരളത്തിലെ സഹകരണ മേഖല.<br><br>കേരളത്തിൽ സഹകരണ പ്രസ്ഥാനം വനിത സഹകരണ സംഘങ്ങൾ വഴി വനിതകളുടെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. സ്ത്രീ സമൂഹത്തിന് സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കുന്നതിന് കേരളത്തിൽ പ്രവർത്തിക്കുന്ന 945 –ാളം വരുന്ന വനിതാ സംഘങ്ങൾ വളരെയധികം പങ്ക് വഹിച്ചിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങൾ ഉത്പാദന വിതരണ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. യുവ വനിതകളെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ 3 യുവ വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ വനിത സഹകരണ സംഘങ്ങളെ ഉത്പാദനയൂണിറ്റുകളാക്കി മാറ്റുന്നതിന് വ്യവസായ വകുപ്പുമായി ചർച്ച നടത്തുകയും ആയതു പ്രകാരം താൽപര്യമുള്ള സംഘങ്ങളുടെ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിക്കുകയും, വ്യവസായ വകുപ്പുമായി ചേർന്ന് ജില്ലാ തലത്തിൽ ടി സംഘങ്ങളുടെ യോഗം വിളിച്ചുചേർക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>കയർ വികസന ഡയറക്ടർ Functional Registrar ആയി, കയർ വികസനവകുപ്പിനുകീഴിൽ 1387 സംഘങ്ങൾ സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ഏകദേശം 600 സംഘങ്ങൾ ചകിരിനിർമ്മാണം, കയർ പിരി, കയർ ഉത്പന്നനിർമ്മാണ മേഖലകളിലായി നിലവിൽ പ്രവർത്തിച്ചുവരുന്നു. കയർഫെഡ് ഈ സംഘങ്ങളുടെ അപെക്സ് സംഘമായി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു. ഭൂരിഭാഗം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന കയർ സഹകരണസംഘങ്ങൾ ഉൾപ്പെട്ട കയർ മേഖലയെ ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന |

വലിയൊരു സഹകരണ മേഖലയായി കണക്കാക്കാം. വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ 18847 പരമ്പരാഗത കയർപിരി തൊഴിലാളികൾ നിലവിൽ ഗുണഭോക്താക്കളാണ്. കൂടാതെ യന്ത്രവൽകൃത മേഖലയിലും ഉൽപ്പന്നനിർമ്മാണ മേഖലയിലും വേറെയും തൊഴിലാളികൾ ജോലിചെയ്യുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് അവർക്കാവശ്യമായ കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകുന്നതോടൊപ്പം അതിന്റെ പ്രായോഗികതലത്തിലുള്ള സാങ്കേതിക സഹായവും നൽകുന്നതു വഴി ഈ മേഖലയിലുള്ള തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നല്കുന്നതിനും അതു വഴി ഈ മേഖലയിലുള്ള തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ജന സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാനും ഈ വിഭാഗക്കാരെ സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും ഉദ്ദേശിച്ചു കൊണ്ടാണ് സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ കീഴിൽ സഹകരണ ശൃംഖലയിൽ തിരുവനന്തപുരം മുതൽ കാസറഗോഡുവരെയുള്ള സ്ഥലങ്ങളിലായി കൈത്തറി സംഘങ്ങൾ വ്യാപിച്ചുകിടക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ നിത്യജീവന ഉപാധിയായി കൈത്തറി വ്യവസായം പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ കീഴിലുള്ള 332 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലായി 11559 നെയ്ത്ത് തൊഴിലാളികളും അനുബന്ധതൊഴിലാളികളും ഈ മേഖലയിൽ ഉണ്ട്. ഇതിൽ 9318 പേരും വനിതകളാണ്. ഈ മേഖലയിൽ ഏകദേശം 98.79 കോടി രൂപയോളം വാർഷിക വരുമാനം ലഭ്യമാക്കുന്നുണ്ട്.

കൈത്തറി സഹകരണ മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന സ്കൂൾ യൂണിഫോം പദ്ധതിയിൽ 6222 നെയ്ത്തുകാരും, 1600 അനുബന്ധത്തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതി മൂലം സാധിച്ചിട്ടുണ്ട്. ഈ പദ്ധതി മൂലം കൂടുതൽ

| | | | |
|---|---|---|---|
| | | | നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2023-24 അദ്ധ്യായന വർഷം ഒന്ന് മുതൽ ഏഴാം ക്ലാസുവരെയുള്ള സർക്കാർ സ്കൂളുകളിലേയും ഒന്ന് മുതൽ നാലാം ക്ലാസുവരെയുള്ള എയ്ഡഡ് സ്കൂളുകളിലേയും 9.33 ലക്ഷം കുട്ടികൾക്കായി 41.65 ലക്ഷം മീറ്റർ തുണിയാണ് ഒന്നാം ഘട്ടമായി വിതരണം ചെയ്ത് പൂർത്തീകരിച്ചത്.<br><br>ബാങ്കിംഗ് മേഖലയ്ക്കൊപ്പം ജനങ്ങളുടെ നിത്യജീവതവുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഉന്നത ഗുണനിലവാരമുള്ള 450 ൽപ്പരം ഉൽപ്പന്നങ്ങൾ coopmart ഉൾപ്പെടെയുള്ള ഔട്ട് ലെറ്റ് വഴി വിതരണം ചെയ്യുന്നുണ്ട്. സഹകരണ ഉൽപ്പന്നങ്ങൾക്ക് coopkerala എന്ന ഏകീകൃത ബ്രാൻഡും നടപ്പിലാക്കിയിട്ടുണ്ട്.<br><br>യുവജനങ്ങൾക്കായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി 31 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തത്പരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവ ജനങ്ങൾക്ക് സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക ആയത് വഴി യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുക, കൂടതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. ഒരു ജില്ലയ്ക്കുള്ളിൽ പ്രവർത്തന പരിധിയായിട്ടാണ് ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നത്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പട്ടിക ജാതിക്കാരുടെ 583 സഹകരണ സംഘങ്ങളും, പട്ടിക വർഗ്ഗക്കാരുടെ 111 സഹകരണ സംഘങ്ങളും പട്ടികജാതിക്കാരും പട്ടിക വർഗ്ഗക്കാരും ചേർന്നുള്ള 137 സഹകരണ സംഘങ്ങളും ഉൾപ്പെടെ 831 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | വീഴ്ച വരുത്തുന്ന സഹകരണ സംഘങ്ങളെ തിരുത്തി ജനങ്ങളുടെ പണം നഷ്ടപ്പെടാത്ത നിലയിൽ | (ഡി) | വീഴ്ച കണ്ടെത്തുന്ന സംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 65 അന്വേഷണമോ/ 66 പരിശോധനയോ |

| | | | |
|---|---|---|---|
| | അവയെ വീണ്ടും ബാങ്കിംഗ് രംഗത്ത് സജീവമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | നടത്തുകയും പ്രസ്തുത 65 അന്വേഷണം/ 66 പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുതക്രമക്കേടിന് ഉത്തരവാദികളായവർ ആരെല്ലാമെന്നും ഓരോരുത്തർക്കും ബാധ്യത എത്രയാണെന്നും തിട്ടപ്പെടുത്തുന്നതിനായി സഹകരണനിയമം വകുപ്പ് 68(1) അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതും സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്നതിനെത്തുടർന്ന് ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിന് ശേഷം ,സഹകരണ നിയമം വകുപ്പ് 68(2) സർച്ചാർജ്ജ് ഉത്തരവ് പുറപ്പെടുവിക്കുകയും സംഘത്തിന് ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഭരണസ്തംഭനം ഉണ്ടായിട്ടുള്ള സംഘങ്ങളിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുന്നു. കൂടാതെ ഇത്തരത്തിൽ വീഴ്ച വന്നിട്ടുള്ള സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പ്രായോഗികവും സാധ്യവുമായ റിവൈവൽ പാക്കേജ് അംഗീകരിച്ച് നൽകുകയും ചെയ്ത് വരുന്നു.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി ആരംഭിച്ചു. തുടർന്ന് കോട്ടയം ജില്ലയിലും നടപ്പിലാക്കി. മറ്റ് ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.<br><br>അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഓഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പതിനഞ്ചാം കേരള നിയമ സഭയുടെ ഒൻപതാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട സഭ പാസാക്കിയ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ, 2022 ൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിനു മുന്നിൽ |

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി നിയമം ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്<br><br>സഹകരണ സംഘങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് **പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് പൊതു സോഫ്റ്റ് വെയർ** നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്കടക്കം പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി **Co-operative Audit Monitoring & Information System** എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ